# മുഖ്യനഗരാസൂത്രകന്റെ നടപടി

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്, കിളളന്നൂർ വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/09/2018 ലെ എ3/1893/17(33) നമ്പർ കത്ത്.

2. തൃശ്ശൂർ നഗരാസൂത്രകന്റെ 28/09/2018 ലെ സി1/2290/18/കെ.ഡിസ് നമ്പർ കത്ത്.

3. ഈ ഓഫീസിലെ 16/11/2018-ലെ ഇതേ നമ്പർ കത്ത്.

4. ശ്രീമതി. മേരി മഞ്ജുഷയുടെ 03/12/2018-ലെ പുനഃപരിശോധനാ അപേക്ഷ.

5. സർക്കാരിന്റെ 21/12/2018-ലെ RB2/527/2018 തസ്വഭവ നമ്പർ കത്ത്.

6. മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 20/03/2019-ലെ A3/1893/17(33) കത്ത്.

7. തൃശ്ശൂർ നഗരാസൂത്രകന്റെ 13/02/19-ലെ C1/3259/18-K.Dis നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. C2/9939/2018/D.Dis തീയതി: **27/03/2019**

---

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിളളന്നൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 267/1 P- ൽപ്പെട്ട 19.77 സെന്റ് സ്ഥലത്ത് 176.52 ച.മീ. പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത (1), (2) കത്തുകൾ മുഖേന ലഭ്യമാക്കിയ Mr. Francis & Mrs. Mary Manjusha, Jathikulathil, Killannur, Thrissur-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അംഗീകാരം നിരസിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം പുനപരിശോധിക്കണമെന്ന പരാമർശം (4) കത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുകയും, പുനഃപരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടുകയുമുണ്ടായി. (1) റെയിൽവേയിൽനിന്നും നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ട്. (2) ഇലക്ട്രിക് ലൈനിന്റെ സുരക്ഷ സംബന്ധിച്ച് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിരാക്ഷേപ പത്രം മതിയാകുന്നതാണ്. ആയതിനാൽ പരാമർശം (6), (7) എന്നിവയുടെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർമ്മാണം കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.പി.ബി.ആർ. ചട്ടം 61 (16), (17) പ്രകാരമുള്ള സജ്ജീകരണങ്ങൾ നൽകേണ്ടതാണ്.
8. അഡീ. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരാക്ഷേപ പത്രത്തിലെ നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. തൃശ്ശൂർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽനിന്നും നിരാക്ഷേപ പത്രം വാങ്ങി പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണ്.
10. സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ടുണ്ടാകാത്ത വിധം ആവശ്യമായ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 30/2019</u>

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്.
പകർപ്പ്:-

1. Mr. Francis & Mrs. Mary Manjusha, Jathikulathil, Killannur, Thrissur
2. ടൗൺ പ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.